# കേരള സർവകലാശാല

നം. പി.ആർ.105/2016 ഫോൺ : 2305738

## പത്രക്കുറിപ്പ്

## സിൻഡിക്കേറ്റ് വാർത്തകൾ

ഇന്ന് നടന്ന സിൻഡിക്കേറ്റ് യോഗവും മാർച്ച് 23-ന് നടന്ന യോഗത്തിലെ മിനിറ്റ്സിനെ ചൊല്ലി അലങ്കോലപ്പെട്ടു. മാർച്ച് 23-ലെ സിൻഡിക്കേറ്റിൽ അംഗീകരിക്കാതിരുന്ന സ്വകാര്യ കോളേജ് അദ്ധ്യാപകരുടെ നിയമനവുമായി ബന്ധപ്പെട്ട വിഷയങ്ങൾ അംഗീകരിച്ചതായി രേഖപ്പെടുത്തണമെന്ന് പ്രൊഫ. മോഹനകൃഷ്ണന്റെ നേതൃത്വത്തിൽ ഒരു വിഭാഗം ആവശ്യപ്പെട്ട് ബഹളം വച്ചതിനാൽ യോഗ നടപടികൾ ഉച്ചവരെ മുന്നോട്ട് കൊണ്ടുപോകാൻ സാധിച്ചില്ല. ഈ വിഷയം അന്നത്തെ യോഗത്തിൽ അംഗീകരിച്ചിരുന്നില്ല എന്ന് വൈസ് ചാൻസലർ ആവർത്തിച്ച് വ്യക്തമാക്കിയിട്ടും അത് ചെവിക്കൊള്ളാൻ അവർ കൂട്ടാക്കിയില്ല. തുടർന്ന് മാർച്ച് 23-ലെ യോഗത്തിന്റെ ചർച്ചകളുടെയും തീരുമാനങ്ങളുടെയും ശബ്ദരേഖ പരിശോധിക്കാൻ സിൻഡിക്കേറ്റ് അംഗങ്ങളായ പ്രൊഫ. ജമാൽ കുഞ്ഞിനെയും ശ്രീ. ജോൺ തോമസിനെയും ചുമതലപ്പെടുത്തിയശേഷം യോഗം താൽക്കാലികമായി 12.45-ന് പിരിഞ്ഞു. തുടർന്ന് രണ്ടംഗ സമിതി രജിസ്ട്രാറുടെ സാന്നിദ്ധ്യത്തിൽ നടത്തിയ ശബ്ദരേഖ പരിശോധനയിൽ പ്രൊഫ. മോഹനകൃഷ്ണൻ നടത്തിയ വാദങ്ങൾ പൊള്ളയെന്ന് വെളിവായി. തുടർന്ന് 2.30-ന് സിൻഡിക്കേറ്റ് യോഗം വീണ്ടും ചേർന്നു. ഇതേ വിഷയത്തെ ചൊല്ലിയാണ് മേയ് 18-ലെ യോഗവും ഇതേ വിഭാഗം തടസ്സപ്പെടുത്തിയത്. അന്ന് അജണ്ടയിലെ ഒരു വിഷയവും പരിഗണിക്കാതെ യോഗം പിരിയുകയായിരുന്നു

## ഡിഗ്രി : സ്പോർട്സ്/കമ്മ്യൂണിറ്റി ക്വാട്ട

കേരള സർവകലാശാലയിൽ അഫിലിയേറ്റ് ചെയ്തിട്ടുള്ള ആർട്സ് ആൻഡ് സയൻസ് കോളേജുകളിൽ യു.ജി കോഴ്സുകൾക്ക് 2016-17 അധ്യയന വർഷത്തേക്കുള്ള സ്പോർട്സ്/കമ്മ്യൂണിറ്റി ക്വാട്ടയിലേക്കുള്ള അപേക്ഷകൾ ഓൺലൈൻ അപേക്ഷയുടെ പ്രിന്റ് ഔട്ടും അനുബന്ധ സർട്ടിഫിക്കറ്റുകളും സഹിതം ജൂൺ 20 മുതൽ കോളേജുകളിൽ സ്വീകരിക്കും.

വിദ്യാർത്ഥികൾ ഓൺലൈൻ രജിസ്ട്രേഷൻ നടത്തിയ സമയത്ത് തെരഞ്ഞെടുക്കാത്ത കോഴ്സുകളിലും കോളേജുകളിലും അപേക്ഷകൾ സമർപ്പിക്കാവുന്നതാണ്.

## ബി.എ മ്യൂസിക് പ്രവേശനം

കേരള സർവകലാശാല ബി.എ മ്യൂസിക്കിന് പ്രവേശനം ആഗ്രഹിക്കുന്നവർ ഓൺലൈൻ അപേക്ഷയുടെ പ്രിന്റ് ഔട്ടും അനുബന്ധ രേഖകളും ജൂൺ 20 വൈകുന്നേരം അഞ്ച് മണിക്കകം അതത് കോളേജുകളിൽ സമർപ്പിക്കണം. അഭിരുചി പരീക്ഷകൾ നീറമൺകര എൻ.എസ്.എസ് കോളേജിൽ ജൂൺ 22-നും കൊല്ലം എസ്.എൻ വനിത കോളേജിൽ ജൂൺ 23-നും തിരുവനന്തപുരം വഴുതക്കാട് ഗവ. വനിത കോളേജിൽ ജൂൺ 24-നും നടത്തും.

## ബി.എ മ്യൂസിക് പ്രാക്ടിക്കൽ

കേരള സർവകലാശാല വിദൂരവിദ്യാഭ്യാസ വിഭാഗം നടത്തുന്ന ബി.എ പാർട്ട് മൂന്ന് മ്യൂസിക് (മെയിൻ - വീണ) പ്രാക്ടിക്കൽ പരീക്ഷ ജൂലൈ 18-ന്

വഴുതക്കാട് ഗവ. വിമൻസ് കോളേജിൽ നടത്തും. ടൈംടേബിൾ വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

## എം.എഡ് പരീക്ഷ

കേരള സർവകലാശാല ജൂലൈ അഞ്ചിന് തുടങ്ങുന്ന രണ്ടാം സെമസ്റ്റർ എം.എഡ് (സ്പെഷ്യർ എഡ്യൂക്കേഷൻ - മെന്റൽ റിട്ടാർഡേഷൻ/ ഇന്റലക്ച്വൽ ഡിസെബിലിറ്റി - 2015 സ്കീം - ദ്വിവത്സര കോഴ്സ്) പരീക്ഷയ്ക്ക് പിഴകൂടാതെ ജൂൺ 24 (50 രൂപ പിഴയോടെ ജൂൺ 27, 250 രൂപ പിഴയൊടെ ജൂൺ 28) വരെ ഫീസ് അടയ്ക്കാം.

## പി.ജി.ഡി.ഇ.സി അപേക്ഷ : തീയതി നീട്ടി

കേരള സർവകലാശാല ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇംഗ്ലീഷിൽ പോസ്റ്റ് ഗ്രാജുവേറ്റ് ഡിപ്ലോമ ഇൻ ഇംഗ്ലീഷ് (പാർട്ട് ടൈം ഈവനിംഗ്) കോഴ്സിലേക്ക് അപേക്ഷിക്കാനുള്ള അവസാന തീയതി ജൂൺ 24 വരെ നീട്ടി. ജൂൺ 30-ന് നടത്താനിരുന്ന പ്രവേശനപ്പരീക്ഷ ജൂലൈ അഞ്ചിന് പുതുക്കിയ നിശ്ചയിച്ചു. യോഗ്യത: ഏതെങ്കിലും വിഷയത്തിൽ അംഗീകൃത സർവകലാശാലയിൽ നിന്നുള്ള ബിരുദം. വിശദവിവരങ്ങൾ വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

## ലക്ചറർ : അപേക്ഷ ക്ഷണിച്ചു

കേരള സർവകലാശാല കൊല്ലം യൂണിവേഴ്സിറ്റി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റിൽ കരാറടിസ്ഥാനത്തിൽ ലക്ചറർ ഒഴിവിലേക്ക് അപേക്ഷ ക്ഷണിച്ചു. അവസാന തീയതി ജൂൺ 30. വിശദവിവരങ്ങൾ വെബ്സൈറ്റിൽ (www.keralauniversity.ac.in) Job Notifications എന്ന ലിങ്കിൽ ലഭിക്കും.

## ഡിഗ്രി പരീക്ഷ

കേരള സർവകലാശാല ജൂലൈ 25-ന് തുടങ്ങുന്ന രണ്ടാം സെമസ്റ്റർ കരിയർ റിലേറ്റഡ് ബിഎ/ ബി.എസ്സി/ ബി.കോം/ ബി.സി.എ/ ബി.ബി.എ/ ബി.പി.എ പരീക്ഷകൾക്ക് ഓൺലൈനായി രജിസ്ട്രേഷൻ ജൂൺ 21 മുതൽ ചെയ്യാം. പരീക്ഷകൾക്ക് പിഴകൂടാതെ ജൂൺ 27 (50 രൂപ പിഴയോടെ ജൂലൈ ഒന്ന്, 250 രൂപ പിഴയോടെ ജൂലൈ നാല്) വരെ രജിസ്ട്രേഷൻ നടത്താം.

## ഡിഗ്രി പരീക്ഷ : തീയതികളിൽ മാറ്റം

കേരള സർവകലാശാല ജൂൺ 22, 24 തീയതികളിൽ നടത്താനിരുന്ന നാലാം സെമസ്റ്റർ സി.ബി.സി.എസ്.എസ് ബി.എ/ബി.എസ്സി/ബി.കോം പരീക്ഷകളും കരിയർ റിലേറ്റഡ് സി.ബി.സി.എസ്.എസ് ബി.എ/ ബി.എസ്സി/ ബി.കോം/ ബി.ബി.എ/ ബി.സി.എ/ ബി.പി.എ പരീക്ഷകളും യഥാക്രമം ജൂലൈ 14, 18 തീയതികളിൽ നടത്തും. ജൂൺ 27 മുതലുള്ള പരീക്ഷകളുടെ ഷെഡ്യൂളുകളിൽ മാറ്റമില്ല.

സർവകലാശാല മന്ദിരം,
തിരുവനന്തപുരം. പബ്ലിക് റിലേഷൻസ് ഓഫീസർ
18.06.2016

അംഗീകാരത്തോടെ,

സെക്ഷൻ ഓഫീസർ

e-mail: ku.release@gmail.com website: www.keralauniversity.ac.in